24-06-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/06/2022.

1. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവനകേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 30-നകമാണ് (ജൂൺ 30) ചേർക്കേണ്ടത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ആലപ്പുഴ ജില്ലയിലെ മുല്ലയ്ക്കൽ വില്ലേജിൽ ബോട്ട്-ഇൻ ലാൻഡായി സർക്കാരിന്റെ അധീനതയിലുള്ള 2.16.51 ഹെക്ടർ (5.35 ഏക്കർ) നിലത്ത് 2022-23 വർഷത്തിൽ നെൽകൃഷി ചെയ്ത് വിളവെടുക്കുന്നതിനുമുള്ള അവകാശം ജൂലൈ ആറിന് രാവിലെ 11-ന് വില്ലേജ് ഓഫീസിൽ വെച്ച് ലേലം ചെയ്യും . കൂടുതൽ വിവരങ്ങൾക്ക് **0477-2253771** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ അത്യുൽപ്പാദന ശേഷിയുള്ള ഇനത്തിൽപ്പെട്ട രണ്ടു മാസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ ജൂൺ 27-ന് രാവിലെ 9.30 മുതൽ 12 വരെ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് **9961329641** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ കേരള ചിക്കൻ) ഉത്പാദിപ്പിക്കുന്ന ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ കെപ്കോ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലായ് 8-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ജൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000918, 9495000921** എന്നീ ഫോൺ നമ്പരുകളിലോ, kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. സംസ്ഥാന കൃഷി വകുപ്പിന്റെ **ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി**യുടെ ഈ വർഷത്തെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി.പ്രസാദിന്റെ അധ്യക്ഷതയിൽ, മന്ത്രിമാർ പച്ചക്കറി തൈകൾ നട്ടുകൊണ്ട് നിർവ്വഹിച്ചു. സെക്രട്ടറിയേറ്റ് അങ്കണത്തിലെ പച്ചക്കറിത്തോട്ടത്തിൽ രാവിലെ 11.00 മണിക്കാണ് പദ്ധതിയുടെ ഉദ്ഘാടനം നടന്നത്. ചടങ്ങിൽ മന്ത്രിമാരായ ആന്റണി രാജു, എ.കെ. ശശീന്ദ്രൻ, ആർ. ബിന്ദു, ജെ. ചിഞ്ചു റാണി, റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻ കുട്ടി, സജി ചെറിയാൻ, വി. എൻ. വാസവൻ, ഗോവിന്ദൻ മാസ്റ്റർ, കെ.എൻ. ബാലഗോപാൽ, പി.രാജീവ്, അഹമ്മദ് ദേവർ കോവിൽ എന്നിവരും കൃഷി ഡയറക്ടർ ടി.വി. സുബാഷ് ഐ.എ.എസ്, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ആരതി എൽ.ആർ ഐ.ഇ.എസ് എന്നിവരും പങ്കെടുത്തു. 70 ലക്ഷം കുടുംബങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ഒരു ജനകീയ കാമ്പയിനാണ് ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി. ഞങ്ങളും കൃഷിയിലേക്ക് എന്ന മുഖ്യ പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത കാമ്പയിൻ ഈ വർഷം ആവിഷ്കരിച്ചിരിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പ് 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളുമാണ് പദ്ധതിയുടെ ഭാഗമായി ഈ മാസം വിതരണം ചെയ്യുന്നത്. ഓണ സീസൺ മുന്നിൽകണ്ടുകൊണ്ട് എല്ലാ കുടുംബങ്ങളിലും സുരക്ഷിത ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ഉടനെ തന്നെ ലഭ്യമാക്കും. കഴിഞ്ഞ ആറു വർഷമായി സംസ്ഥാനത്ത് പച്ചക്കറി കൃഷിയിലുണ്ടായ മുന്നേറ്റം തുടരുക എന്നതുതന്നെയാണ് പദ്ധതി ലക്ഷ്യം. ചീര,

വെണ്ട, പയർ, പാവൽ, വഴുതന തുടങ്ങിയ 5 ഇനം വിത്തുകൾ അടങ്ങിയ പത്ത് രൂപ വില മതിക്കുന്ന വിത്ത് പാക്കറ്റുകളായിരിക്കും കർഷകർക്കായി കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക.

7. ഇന്ത്യയിൽ റബ്ബർ വളരുന്ന പ്രദേശങ്ങളിലെ മണ്ണിന്റെ ഫലപുഷ്ടി സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന 'ഫെർട്ടിലിറ്റി സ്റ്റാറ്റസ് ഓഫ് റബ്ബർ ഗ്രോയിങ് സോയിൽസ് ഓഫ് ഇന്ത്യ' എന്ന പുസ്തകം കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. പ്രകാശനം ചെയ്തു. മണ്ണുപരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ള വിവേചനാപൂർവകമായ വളപ്രയോഗശുപാർശകളുടെ പരിഷ്കരണത്തിനായി റബ്ബർബോർഡ് വികസിപ്പിച്ചെടുത്ത ഫെർട്ടിലൈസർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ഘാടനവും അവർ നിർവഹിച്ചു. സാധാരണക്കാരായ കർഷകരുടെ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ഉതകുന്ന പഠനങ്ങൾക്ക് കാർഷികഗവേഷണസ്ഥാപനങ്ങൾ പ്രാധാന്യം കൊടുക്കണമെന്നും കേരളത്തിന്റെ സാമ്പത്തികപുരോഗതിയിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന വിള എന്ന നിലയിൽ കേരള കാർഷികസർവകലാശാലയുടെ സിലബസ്സിൽ റബ്ബറുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് നന്നായിരിക്കുമെന്നും ഡോ. ജയശ്രീ പറഞ്ഞു. ഇന്ത്യയിൽ റബ്ബർ കൃഷിചെയ്യുന്ന പ്രദേശങ്ങളിലെ ഫലപുഷ്ടി സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ഭൂപടങ്ങളുടെ പ്രകാശനം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ നിർവഹിച്ചു. മണ്ണുസാമ്പിളുകൾ 'ജിയോ-റെഫറൻസ്ഡ്' (geo-referenced) ആയതിനാൽ മണ്ണിന്റെ ഫലപുഷ്ടിയിൽ കാലങ്ങളിലൂടെ വന്നിട്ടുള്ള മാറ്റങ്ങൾ മനസ്സിലാക്കാൻ കഴിയും. റബ്ബർതോട്ടങ്ങളുടെ സുസ്ഥിരതയെ സംബന്ധിച്ച് ഈ അറിവ് ഏറെ പ്രധാനപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു.

**പരിശീലന പരിപാടികൾ**

8. ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഈ മാസം 28 മുതൽ 30 വരെ (ജൂൺ 28 മുതൽ 30) രാവിലെ 10 മണി മുതൽ മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ,

ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കും. താൽപര്യമുള്ളവർ **0487-2960079, 9037033547, 9961533547** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി **'പഴം - പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് **(29.6.2022)** തിരുവനന്തപുരം വെള്ളായണി , കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. മണ്ണുത്തി കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ്ടോക്നോളജിയിൽ അവസാന വർഷ ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി) വിദ്യാർത്ഥികൾ പാഠ്യപദ്ധതിയുടെ ഭാഗമായി നാലുദിവസത്തെ പാൽ-ഭക്ഷ്യോൽപ്പന്ന നിർമ്മാണ പരിശീലനം നൽകുന്നു. വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ പാൽപേഡ, ഗുലാബ് ജാമുൻ, യോഗർട്ട്, പനീർ, പനീർഅച്ചാർ, ശ്രീഖണ്ഡ്, ഐസ്ക്രീം, കുൽഫി, കെച്ചപ്പ്, സ്ക്വാഷ്, ജെല്ലി, ജാം, മഫിൻസ് എന്നിവയുടെ നിർമ്മാണവും അനുബന്ധ നിർമ്മാണ ഉപകരണങ്ങളും വിപണന സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലന പരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 2000/- രൂപയാണ്. രജിസ്ട്രേഷൻ ചെയ്യാനുള്ള അവ സാന തീയതി ഈ മാസം 26 (23/06/2022). കൂടുതൽ വിവരങ്ങൾക്ക് **8848656355, 9895958226** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.